# എറണാകുളം റൂറൽ ജില്ലാ പോലീസ്

# Games & Athletic Meet-2016

ഈ വർഷത്തെ എറണാകുളം റൂറൽ ജില്ലാ പോലീസ് Games & Athletic Meet 17.08.2016 തീയ്യതി മുതൽ 27.08.16 തീയ്യതി വരെ നടക്കും. മീറ്റിന്റെ ഉൽഘാടനം ഇന്ന് (17.08.2016) രാവിലെ കളമശ്ശേരി എ.ആർ ക്യാമ്പിൽ നടന്നു.

കളമശ്ശേരി എ.ആർ ക്യാമ്പ് അസി: കമാണ്ടന്റ് ശ്രീ. ആർ പ്രസന്നകുമാർ മീറ്റിന്റെ ഉൽഘാടനം നടത്തി. 10 ദിവസം നീളുന്ന മൽസരങ്ങളുടെ ആദ്യ ഇനമായ വടംവലിയാണ് എ.ആർ ക്യാമ്പിൽ ഇന്ന് നടന്നത്.

വടംവലി, വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, ഷട്ടിൽ ബാറ്റ്മിൻറൺ, ക്രോസ് കൺട്രി എന്നിവ കൂടാതെ അതലറ്റിക്സിലുമാണ് മൽസര ഇനങ്ങൾ.

കളമശ്ശേരി എ.ആർ ക്യാമ്പ് ഗ്രൗണ്ടിനെ കൂടാതെ കോലഞ്ചേരി സെൻറ് പീറ്റേഴ്സ് കോളേജ് ഗ്രൗണ്ട്, പെരുമ്പാവൂർ ആശ്രമം സ്കൂൾ ഗ്രൗണ്ട്, പാതാളം ടി.സി.സി ഗ്രൗണ്ട്, ആലുവ മുൻസിപ്പൽ ഗ്രൗണ്ട് എന്നിവടങ്ങളിലാണ് മറ്റ് മൽസരങ്ങൾ നടക്കുന്നത്. 27.08.16 തീയ്യതി ആലുവ യു.സി. കോളേജ് ഗ്രൗണ്ടിൽ അതലറ്റിക്സ് മൽസരങ്ങളും മീറ്റിന്റെ സമാപനവും നടക്കും.

എറണാകുളം റൂറൽ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിൽ നിന്നും എ.ആർ.ക്യാമ്പിൽ നിന്നുമായി 200-ഓളം കായികതാരങ്ങളാണ് പോലീസ് മീറ്റിൽ പങ്കെടുക്കുന്നത്. എ.ആർ.ക്യാമ്പിനെ കൂടാതെ ആലുവ, പെരുമ്പാവൂർ, മൂവാറ്റുപുഴ എന്നീ 3 സബ് ഡിവിഷനുകളും ഉൾപ്പടെ 4 ടീമുകളായി തിരിഞ്ഞാണ് മൽസരിക്കുന്നത്.

കഴിഞ്ഞ വർഷം ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയത് കളമശ്ശേരി എ.ആർ ക്യാമ്പ് ആയിരുന്നു.